പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നത് സംബന്ധിച്ച നിവേദനം

68 [386] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിൽ പുതിയനിരത്ത് എന്ന സ്ഥലത്ത് ഒരു പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നത് സംബന്ധിച്ച നിവേദനം ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 3-9-2004-ൽ ലഭിച്ചു.

(ബി) എലത്തൂർ പഞ്ചായത്തിൽ ഇരഞ്ഞിക്കൽ എന്ന സ്ഥലത്ത് നിലവിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിച്ചു വരുന്നു. ഒരു പഞ്ചായത്തിൽ ഒന്നിലധികം മാവേലി സ്റ്റോറുകൾ അനുവദിക്കേണ്ടതില്ല എന്ന പൊതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ പുതുതായി ഒരു മാവേലി സ്റ്റോർ കൂടി അനുവദിക്കുവാൻ തൽക്കാലം നിർവ്വാഹമില്ല.

റാന്നി നിയോജക മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

69 [387] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതൊക്കെ പഞ്ചായത്തുകളിലാണ് ഇപ്പോൾ മാവേലി സ്റ്റോറുകൾ ഉള്ളത് എന്നും ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണ് എന്നും വ്യക്തമാക്കാമോ;

(ബി) മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാത്തതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(സി) റാന്നി, അങ്ങാടി പഞ്ചായത്തുകൾ കെട്ടിട സൗകര്യം ലഭ്യമാക്കാം എന്ന് ഉറപ്പ് നൽകിയിട്ടും മാവേലി സ്റ്റോർ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അടിയന്തിരമായി മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റാന്നി നിയോജകമണ്ഡലത്തിൽ പഴവങ്ങാടി, വെച്ചൂച്ചിറ, ചിറ്റാർ, സീതത്തോട്, വടശ്ശേരിക്കര, നാറാണമൂഴി എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു. റാന്നി, അങ്ങാടി എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ നിലവിലില്ല.

(ബി ആന്റ് സി) അങ്ങാടി, പഴവങ്ങാടി എന്നീ പഞ്ചായത്ത് ആസ്ഥാനങ്ങൾ തമ്മിൽ അര കിലോമീറ്റർ ദൂരം മാത്രമേയുള്ളൂ എന്നതിനാലാണ് മാവേലി സ്റ്റോർ തുടങ്ങാതിരുന്നത്. അനുയോജ്യമായ കെട്ടിട സൗകര്യം ലഭ്യമല്ലാത്തതാണ് മാവേലി സ്റ്റോർ അനുവദിക്കാത്തതിന് കാരണം.

(ഡി) കോർപ്പറേഷന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി പഞ്ചായത്തധികൃതർ അനുയോജ്യമായ കെട്ടിടം ലഭ്യമാക്കുന്ന മുറയ്ക്ക് മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ലാഭം മാർക്കറ്റുകളുടെ പ്രവർത്തനം

70 [388] ശ്രീ. എ. എ. അസീസ്:

" കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ലാഭം മാർക്കറ്റുകൾ വഴി സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തു ലാഭമുണ്ടാക്കാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ;

(ബി) ലാഭം മാർക്കറ്റുകൾ ഇപ്പോൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത് എന്നും പുതുതായി എവിടെയൊക്കെയാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ;

(സി) മാവേലി സ്റ്റോർ, നീതി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവയിൽ ഏതിന്റേതാണ് മെച്ചപ്പെട്ട പ്രവർത്തനം എന്ന് വിശദമാക്കാമോ;

(ഡി) ഏറ്റവും കൂടുതൽ ഉപഭോക്താവിനെ ആകർഷിക്കുന്ന സ്ഥാപനം ഇതിൽ ഏതാണ്?

LIBRARY ARCHIVES Kerala Legislative Assembly